# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സെന്റ് മേരീസ് ഹൈസ്കൂൾ

**ചെങ്ങാലൂർ, തൃശ്ശൂർ ജില്ല**


സെന്റ് മേരീസ് ഹൈസ്കൂൾ
ചെങ്ങാലൂർ, തൃശ്ശൂർ ജില്ല

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് മേരീസ് ഹൈസ്ക്കൂൾ, ചെങ്ങാലൂർ |
| വിദ്യാഭ്യാസ ഉപജില്ല | : | ഇരിങ്ങാലക്കുട |
| വിദ്യാഭ്യാസ ജില്ല | : | ഇരിങ്ങാലക്കുട |
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| വർഷം | : | 2018 |
| സ്ഥാപിതം | : | 1944 |
| വിദ്യാലയത്തിന്റെ വിഭാഗം | : | കോർപ്പറേറ്റ് എഡ്യുക്കേഷൻ ഏജൻസി, തൃശ്ശൂർ.<br>പൊതുവിദ്യാഭ്യാസം |
| മാനേജ്മെന്റ് | : | മൗണ്ട് കാർമ്മൽ ചർച്ച്, ചെങ്ങാലൂർ |
| ലൊക്കേഷൻ | : | ചെങ്ങാലൂർ |

# ഉള്ളടക്കം


- √ വിദ്യാലയത്തിന്റെ നാൾവഴികൾ
- √ അടിസ്ഥാന വിവരങ്ങൾ
- √ ഭൗതീകസാഹചര്യങ്ങൾ
- √ സാമൂഹ്യഇടപെടൽ
- √ വെല്ലുവിളികളും കാഴ്ചപ്പാടും
- √ പൊതുലക്ഷ്യങ്ങൾ
- √ പ്രവർത്തന വിശദാംശങ്ങൾ
- √ അക്കാദമീക പ്രവർത്തനങ്ങൾ
  - □ മാതൃഭാഷാപഠനം
  - □ ഗണിതപഠനം
  - □ ശാസ്ത്രപഠനം
  - □ സാമൂഹ്യശാസ്ത്രപഠനം
  - □ രാഷ്ട്രഭാഷാപഠനം
  - □ ഇംഗ്ലീഷ് ഭാഷാപഠനം
  - □ കായിക പഠനം
  - □ വിവരസാങ്കേതികവിദ്യ വിവരവിനിമയം
  - □ കലാപഠനം
- ◆ ഉപസംഹാരം

# സ്കൂൾ ചരിത്രം

1944 ൽ സെന്റ് മേരീസ് യു.പി സ്കൂൾ ആയി ആരംഭിച്ച ചെങ്ങാലൂരിലെ ഈ വിദ്യാലയം 1966 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. പുതുക്കാട് പഞ്ചായത്തിലെ മികച്ച വിദ്യാലയമാണ് സെന്റ് മേരീസ് ഹൈസ്കൂൾ. ഇരിങ്ങാലക്കുട ഉപജില്ലയുടെ അധീനതയിൽ വരുന്ന വിദ്യാലയം എല്ലാ മേഖലകളിലും മികവ് പുലർത്തിവരുന്നു. യു.പി., എച്ച്. എസ് വിഭാഗങ്ങളിൽ ഇംഗ്ലീഷ്, മലയാളം മീഡിയം നിലവിലുണ്ട്. സംസ്കൃതം ഇവിടെ പഠിപ്പിച്ചുവരുന്നുണ്ട്. 9.20 മുതൽ 3.30 വരെയാണ് ഇവിടെ സ്കൂൾ സമയം. കൂടാതെ മോണിംഗ്, ഈവനിംഗ് ക്ലാസ്സുകളും ഇവിടെ നടത്തിവരുന്നു. വിഷയാടിസ്ഥാനത്തിലുള്ള വിവിധ ക്ലബ്ബുകൾ ഇവിടെ പ്രവർത്തിച്ചുവരുന്നു. കൂടാതെ കാർഷിക ക്ലബ്ബ്, ഇക്കോ ക്ലബ്ബ്, റോഡ് സേഫ്റ്റി ക്ലബ്ബ്, ഗൈഡ്സ്, സ്കൗട്ട്, ജെ.ആർ.സി., ബാന്റ് സെറ്റ്, കരാട്ടേ തുടങ്ങിയവയും കാര്യക്ഷമമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു. കമ്പ്യൂട്ടർ ലാബ്, സയൻസ് ലാബ്, മൾട്ടി മീഡിയ ഹാൾ, ലൈബ്രറി, സ്മാർട്ട് ക്ലാസ് റൂം തുടങ്ങിയവയും സ്കൂളിനെ ആകർഷകമാക്കുന്നു. തനതായ പ്രവർത്തനങ്ങൾക്ക് പരിപൂർണ്ണ പിന്തുണ നൽകുന്ന പി.ടി.എ. എക്സിക്യൂട്ടീവ് ഇവിടെ നിലവിലുണ്ട്. കൂടാതെ ഒ.എസ്.എ റിട്ടയേർഡ് സ്റ്റാഫ് അസോസിയേഷൻ എന്നിവയും പ്രവർത്തന സജ്ജമാണ്. തൃശ്ശൂർ അതിരൂപതയിലെ മികച്ച സ്കൂളുകളിലൊന്നായി സെന്റ് മേരീസ് ഹൈസ്കൂൾ പ്രവർത്തിച്ചുവരുന്നു.

## [illegible]

[illegible]

1) [illegible]
2) [illegible]
3) [illegible]
4) [illegible]
5) [illegible]
6) [illegible]

## ഈ വിദ്യാലയത്തിലെ ഇന്നത്തെ അടിസ്ഥാനവിവരങ്ങൾ വായിച്ചറിയുക.

| | | |
|---|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : | സെന്റ് മേരീസ് ഹൈസ്കൂൾ, ചെങ്ങാലൂർ |
| 2. വിലാസം | : | പി.ഒ. ചെങ്ങാലൂർ, തൃശ്ശൂർ |
| 3. ഫോൺ | : | 9497457421 |
| 4. സ്റ്റാറ്റസ് | : | എയ്ഡഡ് |
| 5. ഓണർഷിപ്പ് | : | കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, തൃശ്ശൂർ അതിരൂപത |

### സ്റ്റാഫ് പാറ്റേൺ

| | |
|---|---|
| 6. ജീവനക്കാരുടെ എണ്ണം | 33 + 5 = 38 |
| 7. പ്രധാനധ്യാപകൻ | ജിജിമോൾ ജോണി |
| അപ്പർ പ്രൈമറി വിഭാഗം | വത്സല കെ.പി.<br>പിസ്റ്റി പോൾ<br>ഷേർളി ജെ മേനാച്ചേരി<br>തുളസി ടി.ജെ.<br>ജെൻസൻ തോമസ്<br>സീന ഐ.ടി<br>അനുഷ മാത്യു<br>അലീന ജോസ്<br>സീന മോഹൻ<br>അനൂപ് സി വർഗ്ഗീസ്<br>രജനി പി.ജി. |

| ഹൈസ്കൂൾ വിഭാഗം | |
|---|---|
| 1. മലയാളം | ☐ സ്മിത പി.എൽ<br>☐ അലക്സ് പോൾ ഐനിക്കൽ<br>☐ മേരി ജോർസൻ ടി. |
| 2.സംസ്കൃതം | ☐ സരിത പി.കെ. |
| 3. ഇംഗ്ലീഷ് | ☐ ലോജി കെ.ജെ<br>☐ റീന ആന്റണി സി. |
| 4. ഹിന്ദി | ☐ ഷീബ കെ.ടി.<br>☐ ലക്ഷ്മി ടി.എസ്. |
| 5. സോഷ്യൽ സയൻസ് | ☐ ഷീബ കെ.എൽ<br>☐ ഹെജി എ പല്ലൻ<br>☐ ലിജി കെ.ജെ. |
| 6. സയൻസ് | ☐ ബിന്ദു ജോസഫ്<br>☐ ലിറ്റി പോൾ എൻ.<br>☐ ഷീജ പി.എ<br>☐ സൗമ്യ ജോൺ സി<br>☐ പെബി പോൾ |
| 7. ഗണിതശാസ്ത്രം | ☐ ആന്റു പി.ജി.<br>☐ ജൂലി വർഗ്ഗീസ്<br>☐ ഷൈനി ചെറിയാൻ |
| 8. കായികം | ☐ ഡെന്നി ഡേവീസ് കെ. |
| 9. ചിത്രകല | ☐ രമ്യ എസ്. ശശീധരൻ |

| | |
|---|---|
| ഓഫീസ് സ്റ്റാഫ് | ☐ ഷാജു ടി.വി<br>☐ സെൽസി ഇഗ്നേഷ്യസ്<br>☐ ജിത്തു ഡേവീസ്<br>☐ ടീന തോമസ് |
| **ന്റ അടിസ്ഥാന വിവരങ്ങൾ** | |
| കുട്ടികളുടെ എണ്ണം | ☐ Standard V 89<br>☐ Standard VI 79<br>☐ Standard VII 127<br>☐ Standard VIII 142<br>☐ Standard IX 142<br>☐ Standard X 141 |

**ഭൗതിക സാഹചര്യങ്ങൾ**

മാനേജ്മെന്റ് സഹായത്തോടെ മൂന്ന് നില കെട്ടിടം പണിത് നൽകിയിട്ടുണ്ട്. ഈ വർഷം ടോയ്‌ലറ്റുകളുടെ നവീകരണം, സ്കൂൾ കെട്ടിടം പെയിന്റിങ്ങ് തുടങ്ങിയവ നടത്തുകയുണ്ടായി. ബഞ്ച്, ഡസ്ക് തുടങ്ങിയവ പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളിന്റെ മതിൽ പണിയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സാമൂഹിക ഇടപെടൽ**

പുതുക്കാട് നിയോജകമണ്ഡലം എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ആധുനിക രീതിയിലുള്ള അടുക്കളയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ഒ.എസ്.എ. യുടെ സഹായത്തോടെ സ്കൂൾ അങ്കണത്തിൽ ഒരു ഓപ്പൺ ഓഡിറ്റോറിയം പണിയാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ**

ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തതയായിരുന്നു ഇത്രയും കാലം ഈ വിദ്യാലയത്തിന്റെ പരിമിതികളുടെ മൂലകാരണം. അത് വേണ്ടവിധം പരിഹരിച്ച് കാലഘട്ടത്തിന്റെ ആവശ്യങ്ങൾ നിറവേറ്റാൻ ഒരുങ്ങുകയാണ് മാനേജ്മെന്റ്. ഗ്രാമാന്തരീക്ഷത്തിൽ സ്ഥിതിചെയ്യുന്ന വിദ്യാലയം എന്ന നിലയിൽ യാത്രാസൗകര്യം പ്രധാന പ്രശ്നം തന്നെയാണ്. എല്ലാ കുട്ടികളെയും താഴ്ന്ന ക്ലാസ്സുമുതൽ ഭാഷയും ഗണിതവും ചിന്താരീതികളും അഭ്യസിപ്പിക്കാൻ നിരന്തരം ശ്രമിക്കുന്നുണ്ട്. ആധുനിക സമൂഹം ആവശ്യപ്പെടുന്ന വിദ്യാഭ്യാസ നിലവാരം കരുപ്പിടിപ്പിക്കുന്നതാണ്. ഇവിടുത്തെ ഏറ്റവും വലിയ വെല്ലുവിളി. അടച്ചുറപ്പുള്ള മുറികളിൽ സ്ഥിരമായി സ്ഥാപിക്കേണ്ട പഠനോപകരണങ്ങൾ, പ്രോജക്ടറുകൾ, പുസ്തകങ്ങൾ എന്നിവ ഞങ്ങൾക്ക് ആവശ്യത്തിനില്ല. ഈ സൗകര്യങ്ങളെല്ലാം മാനേജ്മെന്റ് ഇപ്പോൾ ഒരുക്കി വരുന്നു. മതിയായ സൗകര്യങ്ങളോടുകൂടിയ സയൻസ് ലാബ് ലഭിച്ചു. കായിക പരിശീലനത്തിന് വേണ്ട ഉപകരണങ്ങളുടെ അപര്യാപ്തത. സ്കൂൾ ബസ് ഇല്ലാത്തത് കുട്ടികളുടെ യാത്രയ്ക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

# കാഴ്ചപ്പാട്

- കുട്ടികളിൽ രൂപപ്പെടുന്ന അച്ചടക്കം, അത് ബൗദ്ധികതലത്തിലും പ്രായോഗികതലത്തിലും നേടിയെടുക്കാൻ ഞങ്ങൾ ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ട്. ആ മേന്മയുള്ള വിദ്യാഭ്യാസം പഠന - പഠനേതരപ്രവർത്തനങ്ങളിലൂടെ നേടിയെടുക്കാവുന്നതാണെന്ന് ഞങ്ങൾക്കറിയാം. അതിനുള്ള ശ്രമകരമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.
- അപ്പർ പ്രൈമറി ക്ലാസുകളിൽ വെച്ചുതന്നെ ഭാഷ കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം നേടിയെടുക്കുന്നത് ഞങ്ങളുടെ സുവ്യക്തമായ കാഴ്ചപ്പാടാണ്. അതിനായി അക്കാദമിക് മാസ്റ്റർ പ്ലാനിൽതന്നെ വ്യക്തമായ പദ്ധതികൾ ഞങ്ങൾ രൂപീകരിക്കുന്നുണ്ട്. വായനയിലൂടെ, ചിന്തയിലൂടെ കട്ടികൾ അറിവുനേടുകയും അത് വെറും വിവരശേഖരം മാത്രമാകാതെ അവബോധമാകുകയും ചെയ്യുന്ന സമഗ്രമായ കാഴ്ചപ്പാടാണ് ഞങ്ങൾക്കുള്ളത്. കുട്ടികൾ ഭയലേശമില്ലാതെ ഭാഷ പൊതുസമൂഹത്തിന്റെ മുന്നിൽ ഉപയോഗിക്കാൻ പര്യാപ്തമാകണം. അത് ആധുനീക കാലഘട്ടം ആവശ്യപ്പെടുന്ന ശേഷിയാണ്.
- ശാസ്ത്രവിഷയങ്ങൾ അഭ്യസിക്കുന്നതിലൂടെ കുട്ടി നേടേണ്ടത് ശാസ്ത്രീയമനോവൃത്തിയാണെന്ന് ഞങ്ങൾ കരുതുന്നു. അല്ലാതെ ശാസ്ത്രവിഷയങ്ങളിലുള്ള അറിവ് മാത്രമല്ല നേടേണ്ടതെന്ന് ഞങ്ങൾ കരുതുന്നു. സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും തുടച്ചുനീക്കാൻ ശാസ്ത്രീയമനോഭാവമുള്ള ഒരു തലമുറ വളർന്നുവരേണ്ടത് അനിവാര്യമാണ്. ശാസ്ത്രപഠനം അത്യന്തികമായി ലക്ഷ്യമിടുന്നത് അതാണ്.
- രാജ്യത്തിന്റെ പൈതൃകം, ചരിത്രം, പാരമ്പര്യം എന്നിവ കുട്ടികൾക്ക് പകർന്ന് നൽകാൻ പര്യാപ്തമായ പഠനപ്രവർത്തനങ്ങൾ ഞങ്ങൾ വിഭാവന ചെയ്യുന്നു. അത് ജനാധിപത്യത്തിന്റെ സുഗമമായ വളർച്ചയ്ക്കും വികാസത്തിനും അനിവാര്യമാണ്.
- ആധുനിക ലോകം വിവരശേഖരണത്തിന്റെയും വിനിമയത്തിന്റെയും പാതയിലാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. ഞങ്ങളുടെ കുട്ടികൾ വിവേകപൂർവ്വം അവ ഉപയോഗിക്കാൻ കഴിവുള്ളവരാകണം അതിന് അവരെ പ്രാപ്തരാക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് ഞങ്ങൾ.
- ആരോഗ്യപരീക്ഷ, കായികക്ഷമത നേടിയെടുക്കൽ എന്നിവ സമഗ്രവിദ്യാഭ്യാസത്തിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നു.

## പൊതുലക്ഷ്യങ്ങൾ

1. സ്ക്കൂൾ ഒരു സാമൂഹ്യവൽക്കരണത്തിനുള്ള ഏറ്റവും അനുയോജ്യമായ ഏജൻസിയാക്കിമാറ്റുക
2. സന്മാർഗ്ഗബോധം രൂപപ്പെടുത്തുന്ന ഏജൻസിയായി വിദ്യാലയത്തെ മാറ്റിയെടുക്കുക
3. വിദ്യാലയം പൊതുസ്വത്താണെന്നും അത് സമൂഹത്തിന്റെ ഏത് തരം ആവശ്യങ്ങളും നിറവേറ്റാനുള്ള അടിസ്ഥാന ചിന്തകൾ വളർത്താനുള്ള ഇടമാണെന്നും സമൂഹത്തെ ബോധ്യപ്പെടുത്തുക
4. സമൂഹത്തെ അധഃപതിപ്പിക്കുന്ന വിഭാഗിയ ചിന്തകളിൽനിന്നും തലമുറകളെ രക്ഷപ്പെടുത്തുന്നതിനുള്ള ചുവടുവെപ്പുകൾ ആരംഭിക്കുക.
5. രാജ്യസ്നേഹം പൗരന്റെ അടിസ്ഥാന ധർമ്മമാണെന്നും അതിനായി സ്വയം സമർപ്പിക്കേണ്ടത് ആവശ്യമാണെന്നും കുട്ടിയെ ബോധ്യപ്പെടുത്തുന്നതിന്
6. ശാസ്ത്രീയമനോവൃത്തി സാമൂഹ്യജീവിതത്തിന് കരുത്തുനൽകുന്നു എന്ന സന്ദേശം പകർന്നു നൽകുന്നതിന്
7. ഗണിതഭാഷ, യുക്തിചിന്ത, വിശകലനപാടവം എന്നിവ കുട്ടികളിൽ വളർത്തുന്നതിന് പ്രേരകശക്തിയാകുക
8. ഭരണഘടനയോടും ജനാധിപത്യത്തോടും കൂറും ഉണർവുമുള്ള തലമുറയെ വാർത്തെടുക്കുന്നതിന്
9. കാലഘട്ടത്തിന്റെ വിപത്തുകളായ ഇന്റർനെറ്റ് ദുരുപയോഗം, ലഹരി ഉപയോഗം എന്നിവയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.
10. പ്ലാസ്റ്റിക്ക് വിമുക്ത ക്യാമ്പസ്
11. ഹരിതവിദ്യാലയം
12. കായികക്ഷമതയുള്ള ഒരു തലമുറയെ വളർത്തിയെടുക്കുക.

## പ്രവർത്തനവിശദാംശങ്ങൾ

വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി പി.ടി.എ., ഒ.എസ്.എ മറ്റ് സാമൂഹിക സംഘടനകൾ തുടങ്ങിയവയുടെ ശക്തമായ പിന്തുണ ലഭിക്കുന്ന തരത്തിൽ വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നു. കൂടാതെ എസ്.ആർ.ജി യോഗങ്ങളും സബ്ജക്റ്റ് കൗൺസിലുകളും ക്ലബ്ബ് പ്രവർത്തനങ്ങളും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുവേണ്ടി ഊർജ്ജസ്വലമായി പ്രവർത്തിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാസത്തിലൊരിക്കൽ സ്റ്റാഫ് കൗൺസിലും രണ്ടാഴ്ചയിലൊരിക്കൽ എസ്.ആർ.ജി. യോഗങ്ങളും എല്ലാ ആഴ്ചയിലും സബ്ജക്റ്റ് കൗൺസിലും നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ദിനാചരണങ്ങളും വളരെ പ്രാധാന്യത്തോടെ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ജെ.ആർ.സി., സ്കൗട്ട്, ഗൈഡ്, ലിറ്റിൽ കൈറ്റ്സ് തുടങ്ങിയ യൂണിറ്റുകൾ പ്രവർത്തനം നന്നായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പത്താം ക്ലാസ്സിൽ 100% വിജയം ഉറപ്പാക്കുക. എല്ലാ വിദ്യാർത്ഥികൾക്കും ബി പ്ലസിന് മുകളിൽ മാർക്ക് വാങ്ങാനുള്ള പ്രത്യേക പരിശീലനം നൽകുക. ഈ അക്കാദമിക വർഷം തന്നെ പത്താം ക്ലാസിലെ കുട്ടികൾക്കുവേണ്ടി ഒരു കരിയർ ഗൈഡൻസ് ക്ലാസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. പത്താം ക്ലാസ് കഴിഞ്ഞുപോകുന്ന കുട്ടികളുടെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇതിൽ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നത്. പ്രത്യേക പരിശീലനം ലഭിച്ച വ്യക്തികളെകൊണ്ട് ക്ലാസ് എടുപ്പിക്കുക. പത്താം ക്ലാസുകാർക്കുള്ള സമഗ്രമായ റിവിഷൻ പാക്കേജ് ഇതിനകം ആരംഭിച്ചു കഴിഞ്ഞു. പ്രത്യേക ടൈംടേബിൾ നൽകി പരിശീലിപ്പിക്കുന്നു. എല്ലാ വിദ്യാർത്ഥികളുടെയും ഭവന സന്ദർശനവും അതേ തുടർന്ന് എന്റെ കുട്ടി പുസ്തകവും കാര്യക്ഷമമായി തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മോട്ടിവേഷൻ ക്ലാസുകളും, കൗൺസിലിങ്ങും, സഹവാസ ക്യാമ്പും നടത്താൻ വേണ്ട നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

## സംസ്കൃതം

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | അക്ഷരങ്ങൾ എഴുതിയ കാർഡ് നൽകി വാക്കുകൾ ഉണ്ടാക്കൽ, ചിത്രം നോക്കി പേരുകൾ എഴുതൽ, | ജൂലൈ മുതൽ ഡിസംബർ വരെയുള്ള മാസങ്ങൾ | ഭാഷാ അധ്യാപകൻ | അക്ഷരമാല സിഡി | പ്രത്യേക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല |
| 2. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | കമ്പ്യൂട്ടറിൽ അക്ഷരമാല കളികളിലൂടെ വാക്കുകൾ, വാചകങ്ങൾ നിർമ്മിക്കൽ സരളസംസ്കൃത അഭ്യസനം | സെപ്റ്റംബർ മുതൽ ജനുവരി വരെയുള്ള മാസങ്ങൾ | അധ്യാപകർ | അക്ഷരമാല സിഡി ലഘുസംസ്കൃത പുസ്തകം, മറ്റ് പുസ്തകങ്ങൾ | പി.റ്റി.എ |
| 3. | ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിന് | സംഭാഷണ ശിബിരം, സന്ദർഭങ്ങൾ നൽകി പരസ്പരം സംസാരിപ്പിക്കൽ | പരിപാടി നിശ്ചയിക്കുന്ന കാലയളവ് | വിശ്വസംസ്കൃത പ്രതിഷ്ഠാനം ഭാഷാ അധ്യാപകൻ | സംഭാഷണ പുസ്തകങ്ങൾ മറ്റ് ഗ്രന്ഥങ്ങൾ | പി.റ്റി.എ |
| 4. | ഭാഷാപഠനത്തിന്റെ വളർച്ചയും വികാസവും | ചെറിയ വിഷയങ്ങൾ നൽകി അതിനെക്കുറിച്ച് ഉപന്യാസരചനയും പ്രസംഗവും | ആഗസ്റ്റ് മാസത്തിലെ സംസ്കൃതദിനത്തോടനുബന്ധിച്ച് | ഭാഷാധ്യാപകർ | വിവിധ വിഷയങ്ങളുടെ പുസ്തകങ്ങൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 5. | കവിതാസ്വാദനവും ഭാഷയും ആസ്വാദനവും | പാഠഭാഗങ്ങളിൽ ഉള്ള കവിതകൾ, സുഭാഷിതങ്ങൾ എന്നിവ അഭ്യസിപ്പിച്ച് കവിതകൾ അവതരിപ്പിക്കൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | ക്ലബ്ബ് പ്രവർത്തനവുമായി ബന്ധപ്പെട്ട് | സന്നദ്ധരായ വിദ്യാർത്ഥികൾ, അധ്യാപകർ | കവിതകൾ അടങ്ങിയ പുസ്തകങ്ങൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 6. | ഭാഷാപരിചയം വായന, പ്രഭാഷണകല | വിഷയങ്ങൾ നൽകി ഉപന്യാസ രചന, അവതരണം, ഭാഷാ പണ്ഡിതരെ കണ്ടെത്തി സെമിനാർ | നവംബർ മാസത്തെ പ്രവർത്തനം | അധ്യാപകർ | വിഷയാനുബന്ധിയായ പുസ്തകങ്ങൾ | ഒ.എസ്.എ |

# മലയാളം

## അപ്പർ പ്രൈമറി വിഭാഗം

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | മലയാളത്തിളക്കം, പ്രീടെസ്റ്റ്-അക്ഷരമുറപ്പിക്കൽ, അക്ഷരബോർഡ് തയ്യാറാക്കൽ,വാക്കുകളെഴുതിയ കാർഡ് നൽകൽ, വാക്കുകൾ നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ,ചിത്രം നോക്കി അടിക്കുറിപ്പ് തയ്യാറാക്കൽ,ചിത്രം നോക്കി കഥ പറയൽ,ചിത്രംനോക്കി കഥയെഴുതൽ, പുസ്തകവായന | മലയാളത്തിളക്കം പരിപാടിക്കായി നിശ്ചയിക്കുന്ന കാലയളവ് | ഭാഷാധ്യാപകർ, ബി.ആർ.സി. പരിശീലകർ പ്രഗത്ഭ വ്യക്തികൾ | മലയാളത്തിളക്കം സിഡി,മോഡ്യൂൾ റഫറൻസ് പുസ്തകം ഇന്റർനെറ്റ് | പ്രത്യേക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല (മൂല്യനിർണ്ണയം നടത്തുന്നതിനെ ആശ്രയിച്ച്) പി.റ്റി.എ |
| 2 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | മലയാളത്തിളക്കം-ഭാഷാകേളികൾ | ജൂൺ മുതൽ അധ്യയനവർഷം വരെയുള്ള മാസങ്ങൾ | ഭാഷാധ്യാപകർ, ബി.ആർ.സി. പരിശീലകർ | പ്രത്യേക മോഡ്യൂൾ, കൈപ്പുസ്തകം, മറ്റ് റഫറൻസ് പുസ്തകങ്ങൾ | പി.റ്റി.എ |
| 3. | ആശയവിനിമയ ശേഷി വർദ്ധി-പ്പിക്കുന്നതിന് | പ്രസംഗപരിശീലനക്കളരി നേതൃത്വപരിശീലനം, സംവാദം,ചർച്ച,സെമിനാർ | ആഗസ്റ്റ് മുതൽ ഡിസംബർ വരെയുള്ള മാസങ്ങൾ | ഭാഷാധ്യാപകർ, പ്രഗത്ഭ വ്യക്തികൾ | ഇന്റർനെറ്റ്, ~~സിഡി~~, റഫറൻസ് പുസ്തകങ്ങൾ | പി.റ്റി.എ |



[redacted]

## ഹൈസ്കൂൾ വിഭാഗം

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 4. | മാതൃഭാഷാ പഠനത്തിന്റെ വളർച്ചയും വികാസവും | നല്ല മലയാളം, പച്ചമലയാളം പരിശീലനക്കളരി - മലയാളം മാത്രം സംസാരിക്കൽ (ഒരു മത്സരമാണ്) ഏതാനും കുട്ടികൾ പങ്കെടുക്കുകയും ബാക്കിയുള്ളവർ കാണികളാവുകയും ചെയ്യുന്ന പ്രകടനം ആങ്കർ മലയാളാധ്യാപികയോ മറ്റേതെങ്കിലും അധ്യാപകരോ ആവാം. അത് ഒരു ഇന്റർവ്യൂ രീതിയിലാണ് നടത്തേണ്ടത്, ഏതെങ്കിലും ഇംഗ്ലീഷ് വാക്ക് ഉപയോഗിച്ചാൽ മത്സരത്തിൽ നിന്നും പുറത്താകും. അടുത്തയാൾ ആരംഭിക്കുന്നു. വിജയികൾക്ക് പി.റ്റി.എ. ഏർപ്പെടുത്തുന്ന സമ്മാനം നൽകണം. | ജൂൺ മാസം വിദ്യാരംഭം കലാസാഹിത്യവേദിയുടെ ഉദ്ഘാടനവുമായി ബന്ധപ്പെട്ട പ്രവർത്തനം | ഭാഷാധ്യാപകർ | വിവിധ വിഷയങ്ങളുടെ കുറിപ്പുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 5 | കവിതാസ്വാദനവും ഭാഷയുടെ സർഗ്ഗ സൗന്ദര്യം അടയാളപ്പെടുത്തലും | കാവ്യാമൃതം : കവിതാപാരായണം, ആസ്വാദനം:ഹൈസ്കൂളിലെ ഓരോ ഡിവിഷനിൽ നിന്നും ഓരോരുത്തരെ വീതം പരിശീലിപ്പിച്ച് പൊതുവേദിയിൽ നടത്തുന്ന കവിയരങ്ങ്, പഠിക്കാനുള്ളതും, അല്ലാത്തതുമായ മലയാള കവിതകൾ പഠിച്ച് അവതരിപ്പിക്കുന്നു. ഓരോന്നും കഴിയുമ്പോൾ മലയാള അധ്യാപകർ നൽകുന്ന ആസ്വാദന പ്രഭാഷണവും, തിരഞ്ഞെടുത്ത കുട്ടികൾ തയ്യാറാക്കി അവതരിപ്പിക്കുന്ന ആസ്വാദനക്കുറിപ്പുകളും, കുട്ടികൾ എഴുതുന്ന മികച്ച കവിതകൾ ക്ലാസ്സടിസ്ഥാനത്തിൽ കണ്ടെത്തി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക. | ഓണാഘോഷവുമായി ബന്ധപ്പെടുത്തി നടത്തുന്നത് | സന്നദ്ധരായ വിദ്യാർത്ഥികൾ അധ്യാപകർ മാതാപിതാക്കൾ | കവിതകൾ ശേഖരിക്കുന്നത്, പരിശീലിപ്പിക്കുന്നത്, ആസ്വാദനം തയ്യാറാക്കുന്നത് | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 6 | ഭാഷാപരിചയം വായന, പ്രഭാഷണകല | സാഹിത്യസെമിനാർ : അനുയോജ്യനായ ഒരു ഭാഷാപണ്ഡിതനെ കണ്ടെത്തി ഭാഷയെക്കുറിച്ചും സാഹിത്യത്തെക്കുറിച്ചും നടത്തുന്ന സെമിനാർ, സെമിനാറിന്റെ ഭാഗമായി കുട്ടികളോട് സംവദിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം. കുട്ടികൾ അവതരിപ്പിക്കുന്ന സാഹിത്യസൃഷ്ടികൾ അവതരിപ്പിക്കണം. | ഒക്ടോബർ മാസത്തെ പ്രവർത്തനം | അധ്യാപകർ | റിസോഴ്സ് പേഴ്സനെ കണ്ടെത്തുന്നത്, മുന്നൊരുക്കങ്ങൾ | പി.റ്റി.എ സന്നദ്ധരായ മറ്റ് വ്യക്തികൾ |
| 7 | ഭാഷാപരമായി പിന്നോക്കം നിൽ ക്കുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നതിന് | പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായുള്ള മലയാളഭാഷയുടെ നവപ്രഭ ക്ലാസുകൾ. നവപ്രഭ പരിശീലനത്തിനായി കുട്ടികളെ തെരഞ്ഞെടുക്കുന്നു. മൊഡ്യൂൾ പ്രകാരം പ്രത്യേക പരിശീലനം നൽകുന്നു. ഇതിനായി പ്രീടെസ്റ്റ് ചോദ്യങ്ങൾ തയ്യാറാ-ക്കുന്നു. കളികൾ വീഡിയോ, ടൈംടേബിൾ പ്രദർശനം | നവപ്രഭ പരിശീലന കാലം | ഏറ്റെടുത്ത അധ്യാപിക | ഇന്റർനെറ്റ് നവപ്രഭ മൊഡ്യൂൾ | പി.റ്റി.എ |
| 8 | ഭാഷോദ്ധാരണത്തി-നുള്ള പ്രവർത്തനം | മലയാളത്തിനൊരു പ്രണയലേഖനം: ഭാഷയുടെ സൗന്ദര്യത്തെ വർണ്ണിക്കുന്ന കവിതകൾ ചാർട്ടുകളിൽ പ്രദർശിപ്പിക്കുന്നു. ലേഖനങ്ങൾ, കവിതചൊല്ലൽ മത്സരം തയ്യാറാക്കുന്നു. തെരഞ്ഞെടുത്തവ പുസ്തകമാക്കി അക്ഷരകേളി നടത്തുന്നു. ഒരു ക്ലാസ്സിലെ ഒരു കുട്ടിക്ക് ഒരു അക്ഷരം വീതം നൽകുന്നു. ആ കുട്ടി ആ അക്ഷരം ഉപയോഗിച്ചുള്ള വാക്കുകൾ ശേഖരിക്കുന്നു. വർഷാവസാനത്തിൽ അവ ക്രോഡീകരിക്കുന്നു. നിഘണ്ടു തയ്യാറാക്കുന്നു. | മധ്യകാല പ്രവർത്തനം | അധ്യാപകർ | കുട്ടികളുടെ സർഗ്ഗസൃഷ്ടി | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |

## ഗണിതശാസ്ത്രപഠനം

1. അടിസ്ഥാന ഗണിതക്രിയകളായ കൂട്ടൽ, കുറയ്ക്കൽ, ഗുണനം, ഹരണം എന്നീ ക്രിയകൾ ചെയ്യുന്നതിനുള്ള ശേഷി നേടുന്നത്
2. ചിന്തയുടെ ഗണിതവൽക്കരണം  സാധ്യമാകുന്നതരത്തിലുള്ള പ്രശ്നങ്ങൾ കുട്ടികൾക്ക് അനുഭവവേദ്യമാക്കുന്നത്
3. അടിസ്ഥാന ജ്യാമിതീയരൂപങ്ങളുടെ നിർമ്മിതികൾ പരിശീലിക്കുന്നതും അവയുടെ ഗണിതയുക്തി തിരിച്ചറിയുന്നതും
4. ഗണിതാശയങ്ങളുടെ തുടർച്ചയും വളർച്ചയും കുട്ടിയ്ക്ക് ബോധ്യപ്പെടുത്തുന്ന തരത്തിൽ പഠനാനുഭവങ്ങൾ ഒരുക്കുന്നത്
5. ജ്യാമിതിയുടെ ചലനാത്മകത ബാധ്യപ്പെടുത്തുന്ന പഠനാനുഭവങ്ങൾ ഒരുക്കുന്നത്
6. കുട്ടികളിൽ യുക്തിചിന്തയും ശാസ്ത്രീയ മനോഭാവവും വളർത്തിയെടുക്കുന്നതും കാര്യകാരണസഹിതം സാഹചര്യങ്ങളെ വിലയിരുത്തുന്നതിനുള്ള ശേഷി നേടുന്നതും
7. സംഖ്യാബന്ധങ്ങളെ ജ്യാമിതീയമായി അവതരിപ്പിക്കുന്നതിനും ബീജഗണിതപരമായി വിശകലനം ചെയ്യുന്നതിനും-

******

## അപ്പർ പ്രൈമറി വിഭാഗം

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 12. | അടിസ്ഥാന ജ്യാമിതീയാശയങ്ങൾ പരിശീലിക്കുന്നതും പ്രയോഗിക്കുന്നതും | അഞ്ചാം ക്ലാസ്സ് ത്രികോണം, ചതുരം, സമചതുരം, എന്നിവയുടെ പരപ്പളവും ചുറ്റളവും കണക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ഇതിനായുള്ള വർക്ക്ഷീറ്റുകൾ തയ്യാറാക്കി ഈർക്കിൽ, തീപ്പെട്ടിക്കമ്പുകൾ ഉപയോഗിച്ച് ജ്യാമിതീയരൂപങ്ങൾ ഉണ്ടാക്കുന്നു. | മധ്യകാല പ്രവർത്തനം തുടർപ്രവർത്തനം | സബ്ജക്റ്റ് കൗൺസിൽ, എസ്.ആർ.ജി പി.ടി.എ. | പാഠപുസ്തകം ഹാന്റ്ബുക്ക് സോഴ്സ് ബുക്ക് റിസോഴ്സ് സീഡികൾ അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 13. | സംഖ്യാക്രിയകൾ പാറ്റേൺ രൂപീകരിക്കൽ, നമ്പർ ചാർട്ട് നിർമ്മാണം ചിന്തയുടെ ഗണിതവൽക്കരണം | അടിസ്ഥാനസംഖ്യാക്രിയകൾ ഉപയോഗിച്ചുള്ള പ്രായോഗിക പ്രശ്നങ്ങൾ ചാർട്ടുകളിലാക്കി നൽകുന്നു സംഖ്യാപാറ്റേണുകൾ കണ്ടെത്തുന്ന പ്രവർത്തനങ്ങൾ നമ്പറിട്ട് ചാർട്ട് നിർമ്മാണക്കളരി, പ്രായോഗിക പ്രശ്നങ്ങൾ കുട്ടികൾ സ്വയം കണ്ടെത്തുന്നു | മധ്യകാല പ്രവർത്തനം തുടർമൂല്യനിർണ്ണയത്തിന്റെ ഭാഗമായി പൂർത്തിയാക്കേണ്ടത് | സബ്ജക്റ്റ് കൗൺസിൽ, എസ്.ആർ.ജി. | പാഠപുസ്തകം, ഹാന്റ്ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സീഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 14. | പാഠപുസ്തക വിനിമയം നിരന്തര മൂല്യ നിർണ്ണയം | പേപ്പറിൽ കളർ രൂപത്തിൽ തയ്യാറാക്കുന്ന വർക്ക് ഷീറ്റുകൾ, പാഠപുസ്തകത്തിലെ ഓരോ ഭാഗവും പരിശീലിപ്പിക്കുന്നതിനായി ടീച്ചർ സബ്ജക്ട് കൗൺസിലിൽ നിശ്ചയിച്ച് തയ്യാറാക്കുന്നത്. ക്ലാസ്സ് ടെസ്റ്റും ടെർമിനൽ മൂല്യ നിർണ്ണയ മാതൃകയും ഉണ്ടായിരിക്കണം ഗണിതവിസ്മയ പരിപാടിയിലെ പങ്കാളിത്തം | മധ്യകാല പ്രവർത്തനം, തുടർപ്രവർത്തനം | സബ്ജക്റ്റ് കൗൺസിൽ, എസ്.ആർ.ജി. | പാഠപുസ്തകം, ഹാന്റ്ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സീഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 15. | ഗണിതപഠനം തനതുപ്രവർത്തനങ്ങളിലൂടെ മുന്നേറുന്നത് | ആറാംക്ലാസ്സ്<br>ഗണിതലാബ് പ്രവർത്തനങ്ങൾ, അഞ്ച് പ്രാക്ടിക്കലുകൾ ചേർത്ത് ഒരു സൈക്കിൾ പൂർത്തിയാക്കുന്നു നിർമ്മിതികൾ, പാറ്റേണുകൾ, പസിലുകൾ കടങ്കഥകൾ, വസ്തുക്കളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്താം. ഇവ സബ്ജക്റ്റ് കൗൺസിലിൽ തീരുമാനിക്കുന്നു | തുടർമൂല്യനിർണ്ണയത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ മധ്യകാല പ്രവർത്തനങ്ങൾ | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി. പി.ടി.എ. | പാഠപുസ്തകം, ഹാന്റ്ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സീഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 16. | പാഠപുസ്തക വിനിമയം നിരന്തര മൂല്യ നിർണ്ണയം | ആറാംക്ലാസ്സ്<br>പേപ്പറിൽ കലണ്ടർ രൂപത്തിൽ തയ്യാറാക്കുന്ന വർക്ക് ഷീറ്റുകൾ, പാഠപുസ്തകത്തിലെ ഓരോ ഭാഗവും പരിശീലിപ്പിക്കുന്നതിനായി ടീച്ചർ സബ്ജക്ട് കൗൺസിലിൽ നിശ്ചയിച്ച് തയ്യാറാക്കുന്നത്. ക്ലാസ്സ് ടെസ്റ്റും ടെർമിനൽ മൂല്യ നിർണ്ണയ മാതൃകയും ഉണ്ടായിരിക്കണം ഗണിതവിസ്മയ പരിപാടിയിലെ പങ്കാളിത്തം | മധ്യകാല പ്രവർത്തനം തുടർപ്രവർത്തനം | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി. | പാഠപുസ്തകം, ഹാന്റ്ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സീഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 17. | ഗണിതപഠനം തനതുപ്രവർത്തനങ്ങളിലൂടെ മുന്നേറുന്നത് | ഏഴാംക്ലാസ്സ്<br>ഗണിതലാബ് പ്രവർത്തനങ്ങൾ അഞ്ച് പ്രാക്ടിക്കലുകൾ ചേർത്ത് ഒരു സൈക്കിൾ പൂർത്തിയാക്കുന്നു നിർമ്മിതികൾ, പാറ്റേണുകൾ, പസിലുകൾ കടങ്കഥകൾ, വസ്തുക്കളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുത്താം. ഇവ സബ്ജക്ട് കൗൺസിലിൽ തീരുമാനിക്കുന്നു, ഗണിത ക്വിസ് മത്സരങ്ങൾ ഗണിതശാസ്ത്രമേളയിലെ പങ്കാളിത്തം | തുടർമൂല്യനിർണ്ണയത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ, മധ്യകാല പ്രവർത്തനങ്ങൾ | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി. പി.ടി.എ. | പാഠപുസ്തകം, ഹാന്റ്ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സീഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 18. | ഗണിതപ്രവർത്തന ങ്ങളുടെ ശില്പശാല | നമ്പർ ചാർട്ട്, ജോമിട്രിക്കൽ ചാർട്ട്, മോഡലുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | ക്ലബ്ബ് പ്രവർത്തനം | റിസോഴ്സ് പേഴ്സനെ കണ്ടെത്തി നടപ്പാക്കുന്നത് | റഫറൻസ് ബുക്കുകൾ ഇന്റർനെറ്റ് | പി.റ്റി.എ. |
| 19. | പാഠപുസ്തക വിനിമയം നിരന്തര മൂല്യ നിർണ്ണയം | ഏഴാം ക്ലാസ്സ് വർക്ക് ഷീറ്റുകൾ, പാഠപുസ്തകത്തിലെ ഓരോ ഭാഗവും പരിശീലിപ്പിക്കുന്നതിനായി തയ്യാറാക്കുന്നത്. ക്ലാസ്സ് ടെസ്റ്റിന്റെയും ടേർമിനൽ മൂല്യനിർണ്ണയത്തിന്റെയും മാതൃകയും ഉണ്ടായിരിക്കണം. അംശം, ദശാംശം, അനുപാതം എന്നിവയുടെ ഉപയോഗം നിത്യജീവിതത്തിൽ എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ചുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തണം. | മധ്യകാല പ്രവർത്തനം തുടർപ്രവർത്തനം | സബ്ജക്റ്റ് കൗൺസിൽ, എസ്.ആർ.ജി. | പാഠപുസ്തകം, ഹാന്റ്ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സീഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| | | **ഹൈസ്ക്കൂൾ വിഭാഗം** | | | | |
| 20. | പാഠപുസ്തക വിനിമയം നിരന്തര മൂല്യ നിർണ്ണയം | എട്ടാംക്ലാസ്സ് പേപ്പറിൽ കളർ രൂപത്തിൽ തയ്യാറാക്കുന്ന വർക്ക് ഷീറ്റുകൾ, പാഠപുസ്തകത്തിലെ ഓരോ ഭാഗവും പരിശീലിപ്പിക്കുന്നതിനായി ടീച്ചർ സബ്ജക്ട്കൗൺസിലിൽ നിശ്ചയിച്ച് തയ്യാറാക്കുന്നത്. ക്ലാസ്സ് ടെസ്റ്റിന്റെയും ടേർമിൽ മൂല്യ നിർണ്ണയത്തിന്റെയും മാതൃകയും ഉണ്ടായിരിക്കണം | മധ്യകാല പ്രവർത്തനം തുടർപ്രവർത്തനം | സബ്ജക്ട് കൗൺസിൽ, എസ്.ആർ.ജി. | പാഠപുസ്തകം, ഹാന്റ്ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സീഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 21 | അന്വേഷണാത്മക ഗണിതപഠനം: സെമിനാർ | അഞ്ചാം ക്ലാസ്സ് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള പാഠഭാഗങ്ങളിൽ നിന്നും ത്രികോണങ്ങളെക്കുറിച്ചുള്ള പാഠ്യ വസ്തുതകൾ ശേഖരിച്ച് ത്രികോണ പഠനത്തിന്റെ തുടർച്ചയും വളർച്ചയും വിശകലനം ചെയ്ത് സെമിനാർ അവതരിപ്പിക്കുന്നു<br><br>മറ്റൊരു ഗ്രൂപ്പിൽ സംഖ്യാബന്ധങ്ങളുടെ വളർച്ചയും വികാസവും വ്യക്തമാക്കുന്ന സെമിനാർ തയ്യാറാക്കുന്നു | മധ്യകാല പ്രവർത്തനം | ഗ്രൂപ്പ് വർക്ക് സബ്ജക്റ്റ് | പാഠപുസ്തകം, ഹാന്റ്ബുക്ക്, സോഴ്സ് ബുക്ക്, റിസോഴ്സ് സിഡികൾ, അനുയോജ്യമായ വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 22 | മത്സരപരീക്ഷാ പരിശീലനം, ചിന്തയുടെ ഗണിതവൽക്കരണം | യോഗ്യരായ കുട്ടികളെ കണ്ടെത്തി പരീക്ഷാ സിലബസ്സ് അനുസരിച്ച് മൊഡ്യൂൾ തയ്യാറാക്കി പരിശീലിപ്പിക്കുന്നു | ഗണിതവിസ്മയം, പരിപാടി, മധ്യകാല പ്രവർത്തനം എൻ ടി എസ് ഇ, എൻ എം എം എസ് പരീക്ഷാകാലത്തിന് മുൻപുള്ള മാസങ്ങൾ | അധ്യാപകർ | മുൻ മെറ്റീരിയൽ ശേഖരിച്ചത് | പി ടി എ |
| 23 | ചിന്തയുടെ ഗണിത വൽക്കരണം | നമ്പർ ചാർട്ട്, ജ്യോമട്രിക്കൽ ചാർട്ട് ഗണിത ക്വിസ് എന്നീ മത്സരങ്ങൾ നടത്തുന്നു. | മധ്യകാല പ്രവർത്തനം ക്ലബ്ബ് പ്രവർത്തനം | ഗണിതാധ്യാപകർ | ശേഖരിച്ച പസിലുകൾ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
| --- | --- | --- | --- | --- | --- | --- |
| 24. | സാമാന്യബോധത്തി ന്റെയും ഗണിതയുക്തി യുടെയും സന്തുലിതമായ പ്രയോഗത്തിലൂടെ സാധ്യമാകുന്ന പഠനപ്രവർ ത്തനങ്ങൾ നടപ്പാക്കുന്നത് | ഒൻപതാം ക്ലാസ്സ്<br>ഗണിതപഠനത്തിന്റെ സൈദ്ധാന്തികതയും പ്രായോഗികതയും നിറഞ്ഞുനിൽക്കുന്ന പാഠപുസ്തകത്തിലെ ഓരോ യൂണിറ്റു കളും നിരവധി വർക്ക് ഷീറ്റുകളാക്കി മാറ്റുന്നത്, അവ ദൈനംദിന ഗണിത പഠനത്തിനായി ഉപയോഗിക്കുന്നത്. | ഒരു വർഷം നീണ്ടു നില്ക്കുന്ന ദൈനം ദിനാസൂത്രണം | ഗണിതാദ്ധ്യാപകർ സബ്ജക്ട് കൗൺസിൽ | ടീച്ചർ,<br>ലോക്കൽ ടെക്സ്റ്റ്,<br>പാഠപുസ്തകം,<br>നിരവധി<br>വെബ്സൈറ്റുകൾ | പ്രത്യേക സാമ്പത്തിക ബാദ്ധ്യത ഇല്ല |
| 25. | തുടർമൂല്യനിർണ്ണയം | അന്വേഷണാത്മക പഠനപ്രവർ ത്തനങ്ങൾ (പ്രോജക്ട്), സൃഷ്ടിപരമായ പ്രവർത്തനങ്ങൾ, ഒരു കുട്ടി ഇവയിൽ ഏതെങ്കിലും രണ്ടെണ്ണം ഏറ്റെടുത്ത് ചെയ്യുന്നതായി ആസൂത്രണം ചെയ്യുന്നു. പ്രവർത്തനങ്ങൾ സബ്ജക്ട് കൗൺസി ലിൽ തീരുമാനിക്കുന്നത് | തുടർമൂല്യനിർണ്ണയ പ്രവർത്തനം | സബ്ജക്ട് കൗൺസിൽ അംഗങ്ങൾ | ടീച്ചർ<br>ലോക്കൽ ടെക്സ്റ്റ്<br>വെബ്സൈറ്റുകൾ | |
| 26. | തുടർ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് | പത്താംക്ലാസ്സ്<br>പ്രിന്റ് ചെയ്ത് നൽകുന്ന വർക്ക് ഷീറ്റുകൾ തുടർച്ചയായ റിവിഷൻ വർക്കുകൾ, ചോദ്യപേപ്പറുകൾ, തുടർമൂല്യനിർണ്ണയം പ്രത്യേകം തയ്യാറാക്കിയ ക്ലാസ്സ് ടെസ്റ്റുകൾ, മാതൃകാ ചോദ്യപേപ്പറുകൾ. | ഹ്രസ്വകാല പ്രവർത്തനങ്ങൾ | ഗണിതാദ്ധ്യാപകർ | മുൻകൂട്ടി തയ്യാറാക്കിയ സ്റ്റഡി മെറ്റീരി യലുകൾ | സബ്ജക്ട് കൗൺസിൽ അംഗങ്ങൾ |
| | | എല്ലാ ക്ലാസ്സിലേയ്ക്കുമുള്ള പൊതുവായ അക്കാദമിക പ്രവർത്തനങ്ങൾ | | | | |
| 27. | ദൈനംദിന പ്രവർ ത്തനങ്ങൾ മൂല്യനിർ ണ്ണയം ചെയ്യുന്നത് | ക്ലാസ്സ് ടെസ്റ്റ്, യൂണിറ്റ് ടെസ്റ്റ്,<br>മൈക്രോ ടെസ്റ്റുകൾ<br>ഗണിതമോഡലിങ് \ | സബ്ജക്ട് കൗൺ സിൽ തീരുമാനി ക്കുന്ന കാലം | അദ്ധ്യാപകർ | ചാർട്ട് പേപ്പർ തയ്യാറാക്കിയത് | - - - - |

# ശാസ്ത്രപഠനം

- ശാസ്ത്രാശയങ്ങളുടെ വളർച്ചയും തുടർച്ചയും കുട്ടിക്ക് ബോധ്യപ്പെടുന്നതിന്
- അടിസ്ഥാന ശാസ്ത്രാശയങ്ങൾ മനസ്സിലാക്കുന്നതിനായി യുക്തിഭദ്രമായ പഠനാനുഭവങ്ങൾ രൂപപ്പെടുത്തുന്നതിന്
- ശാസ്ത്രീയമായ മനോവൃത്തി കുട്ടികളിൽ രൂപപ്പെടുത്തുന്നതിന്
- ചുറ്റുപാടും നടക്കുന്ന സംഭവങ്ങളെയും പ്രതിഭാസങ്ങളെയും യുക്തിഭദ്രമായി വിലയിരുത്തുന്നതിനുള്ള ശേഷി നേടുന്നതിന്
- കുട്ടികളിൽ നിന്ന് അന്ധവിശ്വാസവും യുക്തിരാഹിത്യവും സമൂഹത്തിൽ നിന്ന് ശാസ്ത്രത്തിന്റെ നിരാസവും തുടച്ചുമാറ്റുന്നതിനുള്ള ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്
- പരിസ്ഥിതി സംരക്ഷണവും പ്രകൃതിസ്നേഹവും വളരെ സ്വതന്ത്രവും സ്വാഭാവികവുമായി കുട്ടികളിൽ വളർത്തിയെടുക്കുന്നതിന്
- നൂതന സാഹചര്യത്തിൽ ശാസ്ത്രീയമനോഭാവത്തോടെ അറിവ് പ്രയോഗിക്കുന്നതിനുള്ള ശേഷി നേടുന്നതിന്
- കൃഷി ഒരു സംസ്കാരമായി കുട്ടികളുടെ മനസ്സിൽ രൂപപ്പെടുത്തുന്നതിന്

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 9 | പിന്നോക്കം നിൽക്കുന്നവരെ പരിശീലിപ്പിക്കുന്ന ശ്രദ്ധ | ശ്രദ്ധ പരിശീലനം, എട്ടാം ക്ലാസ്സുകാർക്ക് കഥ പറച്ചിൽ, പാട്ടുകളി, വീഡിയോ | മധ്യകാല പ്രവർത്തനം | തിരഞ്ഞെടുത്ത ഭാഷാധ്യാപകർ | മൊഡ്യൂൾ | പി ടി എ |
| 10 | കുട്ടികളുടെ സർഗ്ഗ പരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് | എഴുത്തുകൂട്ടം കളരി : കുട്ടിയെ മികച്ച എഴുത്തുകാരനാക്കുന്നത്, എഴുത്തുകൂട്ടം രൂപീകരണം, പുസ്തകചർച്ച, ക്ലാസ്സ് ലൈബ്രറി, വായനക്കുറിപ്പ്, എഴുത്തുകാരെ കൊണ്ടുവരുന്നു, ചർച്ചകൾക്ക് അവസരം ഒരുക്കുന്നു |  | പ്രശസ്തരായ എഴുത്തുകാർ | ഇന്റർനെറ്റ് | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
|  |  | പുസ്തകം, വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടുന്നത്, ചുവർ പത്രിക പതിപ്പ് തയ്യാറാക്കൽ, സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ, എഴുത്തുകൂട്ടം മോണിറ്ററിംഗ്, വായനാക്കുറിപ്പ്, ആസ്വാദന ക്കുറിപ്പ്, പൊതുവേദിയിൽ സംസാരിക്കാ നുള്ള കഴിവ് വികസിപ്പിക്കൽ, വ്യക്തിഗത രചനകൾ ശേഖരിക്കലും വേണ്ട നിർദ്ദേശ ങ്ങൾ നൽകലും, ഭാഷാ പ്രോജക്ട് തയ്യാറാ ക്കൽ, യൂ ട്യൂബ് വീഡിയോകൾ ഡൗൺ ലോഡ് ചെയ്ത് കേൾപ്പിക്കൽ, കയ്യെഴുത്തു മാസിക, കുട്ടികളുടെ പത്രം | മധ്യകാല പ്രവർത്തനം | ഭാഷാധ്യാപകർ | അധ്യാപകർ നൽകുന്ന നിർദ്ദേശങ്ങൾ | പി ടി എ |
| 11 | നൈരന്തര്യ അക്കാദമിക പ്രവർത്തനങ്ങൾ | ക്ലാസ് ടെസ്റ്റ്, തുടർമൂല്യ നിർണ്ണയം | തുടർപ്രവർത്തനങ്ങൾ | അധ്യാപകർ | തുടർമൂല്യ നിർണ്ണയ രേഖ | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പകർച്ചവ്യാധികളെ പറ്റിയുള്ള ബോധവൽക്കരണം | അതാതു കാലങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പകർച്ച വ്യാധികളെ പ്രതിരോധിക്കുന്നതിന് | അതാതു കാലങ്ങളിലെ പ്രവർത്തനം | അധ്യാപകർ കുട്ടികൾ | | |
| 2. | തനതു പ്രവർത്തനത്തിൽ അഞ്ചാം ക്ലാസ്സിലെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നത് | അഞ്ചാം ക്ലാസ്സ് പ്ലാസ്റ്റിക് കുപ്പി, പേന എന്നിവകൊണ്ടുള്ള മൂല്യവർദ്ധിത വസ്തുക്കളുടെ നിർമ്മാണം | മധ്യകാല പ്രവർത്തനം | അധ്യാപകർ കുട്ടികൾ | ഇതിനാവശ്യമായ വസ്തുക്കൾ | പി.റ്റി.എ. |
| 3. | പാഠപുസ്തകവിനിമയം | സബ്ജക്ട് കൗൺസിൽ തീരുമാനം നടപ്പാക്കുന്നത്. പാഠപുസ്തകത്തിലെ പഠനപ്രവർത്തനങ്ങൾ, വർക്ക്ഷീറ്റുകൾ തയ്യാറാക്കി നടപ്പാക്കുന്നത്. | ദൈനംദിന പ്രവർത്തനങ്ങൾ | അധ്യാപകർ | പാഠപുസ്തകം സോഴ്സ് ബുക്ക് | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 4 | തനതു പ്രവർത്തനത്തിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് | പൂന്തോട്ട നിർമ്മാണം, ഓണക്കാലത്ത് പൂക്കൾ ലഭ്യമാക്കുന്നതിന് (ചെണ്ടുമല്ലി) | ദീർഘകാല പ്രവർത്തനം | അധ്യാപകർ കുട്ടികൾ | | സാമ്പത്തിക ബാധ്യത ഉണ്ട്. |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 5. | ഔഷധസസ്യങ്ങളും ഫലവർഗ്ഗങ്ങളും വച്ചുപിടിപ്പിക്കൽ, പരിപാലനം | കാർഷികാഭിരുചി വളർത്തുന്നതിന് | ദീർഘകാല പ്രവർത്തനം | അദ്ധ്യാപകർ, വിദ്യാർത്ഥികൾ | | പി.റ്റി.എ ഫണ്ട് |
| 6. | ജൂനിയർ സയിന്റിസ്റ്റ് സമഗ്രപദ്ധതി | 5,6,7,8,9 ക്ലാസ്സുകളിലെ സമർത്ഥരായ കുട്ടികളെ കണ്ടെത്തി അവർക്ക് വേണ്ടി നടപ്പാക്കുന്ന പ്രോജക്ട് സെമിനാറുകൾ, ക്ലാസ്സുകൾ, ശാസ്ത്ര നാടകങ്ങൾ, ശാസ്ത്രവിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ, കുട്ടികളുടെ ശാസ്ത്ര ലേഖനങ്ങൾ സമാഹരിച്ച് പ്രസിദ്ധീകരിക്കുന്നത്, തനത് പ്രവർത്തനങ്ങളെ വിലയിരുത്തി പ്രോത്സാഹിപ്പിക്കുന്നത് | ദീർഘകാല പ്രവർത്തനം | ശാസ്ത്ര അദ്ധ്യാപകർ, കണ്ടെത്തപ്പെട്ട റിസോഴ്സ് വ്യക്തികൾ വിദ്യാർത്ഥികൾ | ശാസ്ത്ര ആനുകാലികങ്ങൾ, സ്റ്റഡി മെറ്റീരിയലുകൾ | |
| 7 | നിലവാരമുള്ള ശാസ്ത്രമേളകൾ നടത്തുന്നത് | പ്രോജക്ടുകൾ, മോഡലുകൾ എന്നിവ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖകളും വിഷയങ്ങളും ക്ലബ്ബ് മീറ്റിങ്ങിൽ ചർച്ച ചെയ്ത് കുട്ടികളെ കണ്ടെത്തി അവരെക്കൊണ്ട് ചെയ്യിച്ച് അവതരിപ്പിക്കുന്നു. മൂല്യനിർണ്ണയം നടത്തി സമ്മാനങ്ങൾ നൽകുന്നു. പ്രോജക്ടുകൾ തദ്ദേശീയ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളുമായി പ്രത്യക്ഷമായോ പരോക്ഷമായോ ഏകോപിപ്പിക്കുക. | മധ്യകാല പ്രവർത്തനം | അദ്ധ്യാപകർ ക്ലബ്ബ് അംഗങ്ങൾ | ക്ലബ്ബ് മാനുവൽ ശാസ്ത്രമേളയുടെ കൈപ്പുസ്തകം, ശാസ്ത്രമേളയെക്കുറിച്ച് ഡി.സി.ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകം | പി.റ്റി.എ ഫണ്ട് |
| 8 | ശാസ്ത്രീയ കൃഷി രീതി | ഗ്രാഫ്റ്റിങ്, ബഡ്ഡിങ് തുടങ്ങിയ ശാസ്ത്രീയ രീതികൾ പരിചയപ്പെടുത്തുന്നതിന് കാർഷിക നേഴ്സറി സന്ദർശനം | ദീർഘകാല പ്രവർത്തനം | അദ്ധ്യാപകർ വിദ്യാർത്ഥികൾ | | |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 9 | ശാസ്ത്രപഠനയാത്ര നടപ്പാക്കുന്നത് | കൊച്ചിൻ യൂണിവേഴ്സിറ്റി സയൻസ് പാർക്കിലേക്കുള്ള പഠനയാത്ര | ഹ്രസ്വകാല പ്രവർത്തനം | താല്പര്യമുള്ള കുട്ടികൾ,സയൻസ് ക്ലബ്ബ് അംഗങ്ങൾ, പി ടി എ അംഗങ്ങൾ | യാത്രയ്ക്കുള്ള ഒരുക്കങ്ങൾ | പ്രത്യേക ഫീസ് വാങ്ങണം |
| 10 | പാഠപുസ്തക വിനിമയം | ശാസ്ത്രാധ്യാപകർ ഒന്നിച്ചുചേർന്ന് സബ്ജക്ട് കൗൺസിൽ യോഗം ചേരുന്നു പാഠഭാഗങ്ങളെ യൂണിറ്റടിസ്ഥാനത്തിൽ എല്ലാമാസവും പ്ലാൻ ചെയ്യുന്നു. അവ പ്രത്യേകം മൊഡ്യൂളുകളാക്കി ക്ലാസ്സ്റൂമിലെ വിനിമയത്തിനായി ഒരുക്കുന്നു. 5,6,7 ക്ലാസ്സുകളിലെ സബ്ജക്ട് കൗൺസിൽ ഇവ ചിട്ടയായി ക്ലാസ്സിൽ നടപ്പാക്കുന്നു | ദൈനംദിനാസൂത്രണത്തിനുള്ള അടിസ്ഥാന രേഖ എല്ലാ മാസവും തയ്യാറാക്കുന്നത് | ശാസ്ത്രാധ്യാപകർ | പാഠപുസ്തകം റിസോഴ്സ് ബുക്ക് | പ്രത്യേക സാമ്പത്തിക സഹായം ഇല്ല |
| 11 | എട്ടാംക്ലാസ്സിലെ ജീവശാസ്ത്രപഠനം കാര്യക്ഷമമാക്കുന്നതിന് | * സബ്ജക്ട് കൗൺസിൽ ചേർന്ന് ഓരോ മാസത്തേയും പാഠഭാഗങ്ങൾ വിലയിരുത്തി വർക്ക്ഷീറ്റുകളാക്കി കുട്ടികൾക്ക് നൽകുന്നു<br><br>* തുടർമൂല്യനിർണ്ണയ പ്രവർത്തനങ്ങൾ തീരുമാനിച്ച് സമയബന്ധിതമായി നടപ്പാക്കുന്നു.<br>* ജീവിതശൈലീരോഗങ്ങളെക്കുറിച്ച് ചർച്ച നടത്തുന്നു. ചർച്ചയിൽ ഉയർന്നുവരുന്ന കാര്യങ്ങളെക്കുറിച്ച് ഓരോ കുട്ടിയും റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കുന്നു. | * എല്ലാ മാസവും തയ്യാറാക്കി സമയബന്ധിതമായി നടപ്പാക്കുന്നത്<br>* സബ്ജക്ട് കൗൺസിൽ തീരുമാനിക്കുന്ന സമയം സമയബന്ധിതമായി നടപ്പാക്കൽ<br>* ക്ലബ്ബ് പ്രവർത്തനം മറ്റുള്ളവരുടെ പങ്കാളിത്തം<br>* ക്ലാസ്സ്റൂം ചർച്ച സമയബന്ധിതമായി സമർപ്പിക്കൽ | ശാസ്ത്രാധ്യാപകർ<br><br><br><br><br>ശാസ്ത്രാധ്യാപകർ | പാഠപുസ്തകം റിസോഴ്സ് ബുക്ക്<br><br><br><br><br>ടീച്ചർ, ലോക്കൽ ടെക്സ്റ്റുകൾ | പ്രത്യേക സാമ്പത്തിക സഹായം ഇല്ല |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| | ആധുനിക കൃഷി രീതികൾ - പോളി ഹൗസ്,പ്രസിഷൻ ഫാമിങ് പരിചയ പ്പെടുത്തൽ | കാർഷികാഭിരുചി വളർത്തുന്നതിന് | ദീർഘകാല നിരീക്ഷണ പ്രവർത്തനം | അധ്യാപകർ വിദ്യാർത്ഥികൾ | | സാമ്പത്തിക ബാധ്യത ഉണ്ട് |
| 12 | ഒൻപതാം ക്ലാസ്സിലെ ജീവശാസ്ത്രപഠനം കാര്യക്ഷമമാക്കുന്നതിന് | * സബ്ജക്ട് കൗൺസിൽ ചേർന്ന് ഓരോ മാസത്തേയും പാഠഭാഗങ്ങൾ വിലയിരുത്തി വർക്ക്ഷീറ്റുകളാക്കി കുട്ടികൾക്ക് നൽകുന്നു<br>* തുടർമൂല്യനിർണ്ണയ പ്രവർത്തനങ്ങൾ തീരുമാനിച്ച് സമയബന്ധിതമായി നടപ്പാക്കുന്നു ചർച്ചയിൽ ഉയർന്നുവരുന്ന കാര്യങ്ങളെക്കുറിച്ച് ഓരോ കുട്ടിയും റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കുന്നു | * എല്ലാ മാസവും തയ്യാറാക്കി സമയ ബന്ധിതമായി നടപ്പാക്കുന്നത്<br>* സബ്ജക്ട് കൗൺസിൽ ചേർന്ന് ഓരോ മാസത്തേയും പാഠഭാഗങ്ങൾ വില യിരുത്തി സമയബ ന്ധിതമായി നടപ്പാ ക്കുന്നു<br>* മഴക്കാലരോഗങ്ങളെ ക്കുറിച്ച് ബോധവത് ക്കരണം/ചർച്ച നടത്തു ന്നു ചർച്ചയിൽ ഉയർ ന്നുവരുന്ന കാര്യങ്ങളെ ക്കുറിച്ച് ഓരോ കുട്ടിയും റിപ്പോർട്ട് തയ്യാറാക്കി അവതരിപ്പിക്കുന്നു | ശാസ്ത്രാധ്യാപകർ | ടീച്ചർ, ലോക്കൽ ടെക്സ്റ്റുകൾ | സാമ്പത്തിക ബാധ്യത ഇല്ല |
| | ശാസ്ത്രീയനാടക അവതരണം | വിദ്യാർത്ഥികളിൽ ശാസ്ത്രീയ അഭിരുചി വളർത്തുന്നതിന് | ദീർഘകാല പ്രവർത്തനം | അധ്യാപകർ വിദ്യാർത്ഥികൾ | | |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 19 | പത്താം ക്ലാസ്സിലെ ഭൗതികശാസ്ത്രപഠനം കാര്യക്ഷമമാക്കുന്നതിന് | * സബ്ജക്ട് കൗൺസിൽ ചേർന്ന് ഓരോ മാസത്തേയും പാഠഭാഗങ്ങൾ വിലയിരുത്തി വർക്ക്ഷീറ്റുകളാക്കി കുട്ടികൾക്ക് നൽകുന്നു<br><br>* തുടർമൂല്യനിർണ്ണയ പ്രവർത്തനങ്ങൾ തിരുമാനിച്ച് സമയബന്ധിതമായി നടപ്പാക്കുന്നു | ദൈനംദിന പ്രവർത്തനം | അധ്യാപകർ | സബ്ജക്ട് കൗൺസിലിൽ തീരുമാനിച്ച സോഴ്സുകൾ | പ്രത്യേക ഫണ്ട് ആവശ്യമില്ല |
| | | * ശാസ്ത്രത്തിന്റെ നിരാസം സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നും ശാസ്ത്രീയ ചിന്തയും യുക്തിഭദ്രതയും നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന അപചയത്തെക്കുറിച്ച് സെമിനാർ | ഹ്രസ്വകാല പ്രവർത്തനം | വിദ്യാർത്ഥികൾ | ആവശ്യപ്പെടുന്നവ | പി റ്റി എ |
| **പൊതുവായ ശാസ്ത്രപഠന മേഖലകൾ** | | | | | | |
| 1 | സയൻസ് ലാബുകളുടെ ഉപയോഗം | 8,9,10 ക്ലാസ്സുകളിലെ സബ്ജക്ട് കൗൺസിലുകളിൽ ചർച്ച ചെയ്ത് ലാബിൽ നടത്തേണ്ട പരീക്ഷണങ്ങളും, പ്രവർത്തനങ്ങളും തീരുമാനിക്കുന്നു, അവ സൈക്കിളാക്കി നടപ്പാക്കുന്നു | ദൈനംദിന പ്രവർത്തനം | അധ്യാപകർ | സയൻസ് ലാബ് | പ്രത്യേക സാമ്പത്തിക ബാധ്യത ഇല്ല |
| 2 | പഠനയാത്ര | കൊച്ചിൻ യൂണിവേഴ്സിറ്റി സയൻസ് പാർക്കിലേക്കുള്ള പഠനയാത്ര | ഹ്രസ്വകാല പ്രവർത്തനം | അധ്യാപകരും കുട്ടികളും | വേണ്ട സജ്ജീകരണങ്ങൾ ഒരുക്കുന്നു | പ്രത്യേക ഫീസ് |
| 3 | ജൂനിയർ സയന്റിസ്റ്റ് പ്രോഗ്രാമിന്റെ പ്രവർത്തനം | * ശാസ്ത്ര ആനുകാലികങ്ങളുടെ ശേഖരണവും വിതരണവും<br>* ശാസ്ത്രപുസ്തകങ്ങൾ ശേഖരിച്ച് കുട്ടികൾക്ക് നൽകുന്നത്<br>* ശാസ്ത്രവിഷയങ്ങളിലുള്ള ക്ലാസ്സുകൾ നടത്തുന്നത്<br>* ശാസ്ത്രക്വിസ് എല്ലാ ക്ലാസ്സുകളിലും നടത്തുന്നത്<br>* സ്കൂൾതല ശാസ്ത്രമേള നടത്തുന്നത് | ദീർഘകാല പ്രവർത്തനം<br>*<br>*<br>*<br>* | | | |

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | പിന്തുണ | റിസോഴ്സ് | സാമ്പത്തികം |
|---|---|---|---|---|---|---|
| 13 | പത്താം ക്ലാസ്സിലെ ജീവശാസ്ത്രപഠനം കാര്യക്ഷമമാക്കുന്നതിന് | * സബ്ജക്ട് കൗൺസിൽ ചേർന്ന് ഓരോ മാസത്തേയും പാഠഭാഗങ്ങൾ വിലയിരുത്തി വർക്ക്ഷീറ്റുകളാക്കി കുട്ടികൾക്ക് നൽകുന്നു | ദൈനംദിന പ്രവർത്തനം | ശാസ്ത്രാദ്ധ്യാപകർ | പാഠപുസ്തകം റിസോഴ്സ് ബുക്ക് | പ്രത്യേക സാമ്പത്തിക ബാദ്ധ്യത ഇല്ല |
| | | * തുടർമൂല്യനിർണ്ണയ പ്രവർത്തനങ്ങൾ തീരുമാനിച്ച് സമയബന്ധിതമായി നടപ്പാക്കുന്നു. | ദൈനംദിന പ്രവർത്തനം | | | |
